**പൊതുവിതരണത്തിനായുള്ള ഭക്ഷ്യസാധനങ്ങൾ മറിച്ച് വില്ക്കുന്നത്**

5(*245) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ.രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വാങ്ങാത്ത കാർഡ് ഉടമകളുടെ പേരിൽ വിതരണം ചെയ്തതായി കാണിച്ച്, പൊതുവിതരണത്തിനായുള്ള ഭക്ഷ്യസാധനങ്ങൾ മറിച്ച് വിൽക്കപ്പെടുന്നതും കരിഞ്ചന്തയിൽ എത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളിതുവരെ റേഷൻ വാങ്ങാത്ത കാർഡുടമകൾ വരെ കൃത്യമായി റേഷൻ വാങ്ങുന്നുവെന്ന രീതിയിൽ നടക്കുന്ന വെട്ടിപ്പിന് ഉദ്യോഗസ്ഥ ബന്ധമുള്ളതായുള്ള ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) സബ്സിഡി ഭക്ഷ്യസാധനങ്ങൾ കരിഞ്ചന്തയിലേക്ക് എത്തിക്കുന്നവരും അതിനു സഹായം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും സംരക്ഷിക്കപ്പെടുന്നുവെങ്കിൽ ആയതിനുള്ള കാരണങ്ങൾ ഇല്ലാതാക്കാമോ;

(ഡി) ഭക്ഷ്യധാന്യ വിതരണ വിവരങ്ങൾ പൂർണ്ണമായും ഓൺലൈനാക്കുവാനുള്ള സംവിധാനം സജ്ജമാകാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ചുരുക്കം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഇല്ലാതാക്കും. ഭക്ഷ്യ ധാന്യങ്ങൾ കരിഞ്ചന്തയിലേക്ക് എത്തിക്കുന്നതിന് സഹായിക്കുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കാറില്ല. കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഉയർന്ന സബ്സിഡി നിരക്കിലുള്ള റേഷൻ സാധനങ്ങളിൽ തട്ടിപ്പ് നടത്തുന്നതിനെ സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ക്രമക്കേട് കണ്ടെത്തുന്ന മൊത്ത/ചില്ലറ റേഷൻ വ്യാപാരികൾക്കെതിരെയും അതിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതായിരിക്കും. റേഷൻ വിതരണ രംഗം സമഗ്രമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതോടെ ഈ ക്രമക്കേടുകൾക്കറുതി വരുത്താൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭക്ഷ്യ ധാന്യ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ലക്ഷ്യം ഇട്ടിട്ടുള്ള എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിക്ക് ആവശ്യമായ വിവിധ സോഫ്റ്റ് വെയറുകൾ തയ്യാറാക്കിയും ആയതിന്റെ സെക്യൂരിറ്റി ആഡിറ്റ്, ഇന്റഗ്രേഷൻ, ആവശ്യമായ സെർവറുകളുടെ സ്ഥാപനം, റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനമുള്ള E-PoS മെഷീൻ സ്ഥാപിക്കൽ, ഭക്ഷ്യധാന്യങ്ങൾ നേരിട്ട് റേഷൻ കടകളിൽ എത്തിക്കൽ തുടങ്ങിയ നടപടികളാണ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഒരു പൈലറ്റ് പ്രോജക്ട് ആയി നടത്തിവരുന്നത്. ഈ പ്രക്രിയകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**ഭ്രൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി**

6(*246) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എം.ഉമ്മർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭ്രൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം അപേക്ഷ നൽകിയതിൽ അർഹതയുള്ളവർക്കെല്ലാം വിതരണം ചെയ്യാൻ ആവശ്യമായത്ര ഭൂമി ലഭ്യമായിട്ടുണ്ടോ; വിതരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഭ്രൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ടം 14 ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാംഘട്ടത്തിൽ തന്നെ ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ജില്ലകളെ രാജ്യത്തെ തന്നെ ആദ്യത്തെ ഭ്രൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 43,437 ഭ്രൂരഹിത കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കളുടെയും പട്ടയം അനുവദിച്ചവരുടെയും എണ്ണം താഴെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly